www.facebook.com/keralakaumudi

KeralaKaumudi 1-10-18, P-07



## പാട്ടഭൂമിയിൽ പാഷൻ ഫ്രൂട്ടിന്റെ വിജയഗാ

# വെറും ഫ്രൂട്ടല്ലിത്, പൊന്നാ...



ദിനേശ് പണിക്കർ പാഷൻ ഫ്രൂട്ട് വിളവെടുപ്പിൽ

**കോട്ടാത്തല ശ്രീകുമാർ**

KAUMUDI SPECIAL

കൊല്ലം: ഫ്രൂട്ടല്ലിത് പൊന്നാ, തനി ഔഷധത്തങ്കം.... പാഷൻ ഫ്രൂട്ടിന്റെ ഗുണങ്ങളെക്കുറിച്ച് ശരിക്കും അറിയാവുന്നവർ ദിനേശ് പണിക്കരുടെ തോട്ടം കണ്ടാൽ ഇങ്ങനെ പറഞ്ഞുപോകും. നിലമേൽ ആലയിൽ കാവൂർക്കോണം ചരുവിള വീട്ടിൽ ദിനേശ് പണിക്കർ എം.സി റോഡിനു സമീപം നിലമേലിൽ 50 സെന്റ് സ്ഥലം പാട്ടത്തിനെടുത്താണ് പാഷൻ ഫ്രൂട്ട് കൃഷി തുടങ്ങിയത്. പാവലും പടവലവും വെട്ടിമാറ്റി പാഷൻ ഫ്രൂട്ട് നട്ടപ്പോൾ കളിയാക്കിയവർ ഇന്ന് ദിനേശിനെ നമിക്കുകയാണ്.

പിങ്ക് ഇനത്തിൽപ്പെട്ട ചെടിയുടെ തണ്ട് നട്ട് കിളിർപ്പിച്ച നൂറ് മൂട് തൈകളാണ് നട്ടത്. ആറ് മാസമെത്തിയപ്പോൾ വിളവെടുപ്പിന് പാകമായി. ചുവന്നുതുടുത്ത പാഷൻഫ്രൂട്ട് കാഴ്ചയ്ക്കും രുചിയ്ക്കും മെച്ചമാണ്. വെള്ളിയാഴ്ചകളിലാണ് വിളവെടുപ്പ്. മൊത്തവ്യാപാരികളാണ് തോട്ടത്തിലെത്തി വിലപറഞ്ഞ് വാങ്ങുക. 100 മുതൽ 130 രൂപവരെയാണ് കിലോഗ്രാമിന് വില. കഴിഞ്ഞ ഡിസംബറിലാണ് കൃഷി തുടങ്ങിയത്. ഇതിനകം ഒരു ലക്ഷം രൂപയുടെ വില്പന നടത്തി. ഒരേക്കർ സ്ഥലം കൂടി പാട്ടത്തിനെടുത്ത് കൃഷി വ്യാപിപ്പിക്കാനാണ് തീരുമാനം. ആറിനം പാഷൻ ഫ്രൂട്ട് കേരളത്തിലുണ്ട്. ഇവയൊക്കെ ഇനി ദിനേശിന്റെ പാട്ടഭൂമിയിലും വിളയും. ഭാര്യ റീനയും മക്കൾ അഞ്ജലിയും കൃഷ്ണയും ദിനേശിനൊപ്പം സജീവമാണ്.

### പല രോഗങ്ങൾക്കും മരുന്ന്

**പാ**ഷൻ ഫ്രൂട്ട് ഡെങ്കി പ്രതിരോധ മരുന്നാണെന്ന പ്രചാരവുമുണ്ട്. ക്രമാതീതമായി കുറയുന്ന പ്ലേറ്റ്‌ലറ്റുകളുടെ എണ്ണം കൂട്ടാൻ കഴിയുമെന്നാണ് വിദഗ്ദ്ധ അഭിപ്രായം.

ജലദോഷം, പനി, ശ്വാസം മുട്ടൽ, ആസ്ത്മ, മൈഗ്രേൻ, ദഹനം, പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം എന്നിവയ്ക്കും ഫലപ്രദമാണ്. ഹൈപ്പർ മാർക്കറ്റുകളിൽ 250 മുതൽ 350 രൂപവരെ വിലയുണ്ട്. ജ്യൂസ്, സിറപ്പ്, വൈൻ, സ്ക്വാഷ്, ജെല്ലി എന്നിവ തയ്യാറാക്കാനാണ് അധികവും ഉപയോഗിക്കുന്നത്. പുറംതൊണ്ട് അച്ചാറുണ്ടാക്കാനും ചമ്മന്തിയുണ്ടാക്കാനും ഉപയോഗിക്കാം.

### കൃഷിരീതി

**ചാ**ണകപ്പൊടിയിട്ട് മേൽമണ്ണ് വെട്ടിക്കൂട്ടി തൈ നടാം. തണ്ട് കവറുകളിൽ നട്ട് കിളിർപ്പിക്കുന്നതാണ് നല്ലത്. വിത്ത് നട്ടാൽ ഒരു വർഷം കഴിഞ്ഞേ പൂവിട്ട് തുടങ്ങുകയുള്ളൂ. തണ്ട് നട്ടാൽ ആറ് മാസംകൊണ്ട് വിളവെടുക്കാം. ജൈവവളം ഇട്ടുകൊടുക്കുകയും ചുവട് നനയ്ക്കുകയും വേണം. പന്തലിട്ട് പടർത്തുന്നതാണ് ഉചിതം. ദിനേശ് പണിക്കരുടെ ഫോൺ: 9446965537.